(ബി) ഇതിനായി കെട്ടിടം പണിയാൻ തുക അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ;

(സി) കെട്ടിടം പണി പൂർത്തിയായോ ; എന്നാണ് പൂർത്തിയായത് ; വ്യക്തമാക്കാമോ ;

(ഡി) കെട്ടിടം പണി കഴിഞ്ഞ് വർഷങ്ങൾ കഴിഞ്ഞിട്ടും കോഴ്സ് ആരംഭിക്കാത്തതിന് കാരണം വ്യക്തമാക്കാമോ ;

(ഇ) കോഴ്സ് ആരംഭിക്കുന്നതിന് നിലവിലുള്ള തടസ്സം എന്താണ് , വിശദമാക്കാമോ ;

(എഫ്) കോഴ്സ് എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയും; വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ആദ്യഘട്ടത്തിൽ 90 ലക്ഷം രൂപ അനുവദിച്ചു. 24-11-2008-ലെ ഉത്തരവ് നമ്പർ 1378/2009/എസ്സി.എസ്റ്റി. പ്രകാരം ടി കെട്ടിട നിർമ്മാണത്തിന് 438.75 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു.

(സി) 21-10-2013-ൽ കെട്ടിടം പണി പൂർത്തിയാക്കി സർക്കാരിന് കൈമാറിയിട്ടുണ്ട്.

(ഡി) കെട്ടിടം പണി എല്ലാ സൗകര്യങ്ങളോടുംകൂടി പൂർത്തിയാക്കിയിട്ട് 4 മാസങ്ങളേ ആയിട്ടുള്ളൂ. കോഴ്സ് ആരംഭിക്കുന്നതിന് തസ്തികകൾ സൃഷ്ടിച്ച് പാരാ മെഡിക്കൽ കോഴ്സ് അനുവദിച്ച് പ്രോസ്പെക്ടസിൽ ഉൾപ്പെടുത്തി എൽ.ബി.എസ്. വഴി പ്രവേശനം നടത്താനാണ് ഉദ്ദേശിക്കുന്നത്.

(ഇ&എഫ്) അദ്ധ്യാപക അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കാത്തതുമൂലമാണ് ടി കോഴ്സുകൾ തുടങ്ങുന്നതിനുള്ള തടസ്സം. തസ്തികകൾ സൃഷ്ടിക്കുന്നതു സംബന്ധിച്ചുള്ള പ്രൊപ്പോസർ സർക്കാരിന്റെ പരിഗണനയിലാണ്.

പരിയാരം സർക്കാർ ആയുർവ്വേദ മെഡിക്കൽ കോളേജിലെ അദ്ധ്യാപക-അനദ്ധ്യാപക നിയമന നടപടികൾ

112 (819) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരിയാരം സർക്കാർ ആയുർവ്വേദ കോളേജിൽ എത്ര അദ്ധ്യാപക-അനദ്ധ്യാപക തസ്തികളാണ് നിലവിലുള്ളത്, വിശദാംശം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവയിൽ ഏതൊക്കെ തസ്തികകളാണ് ഒഴിഞ്ഞു കിടക്കുന്നത്, ഏതൊക്കെ അദ്ധ്യാപകരെയാണ് വർക്കിംഗ് അറേഞ്ച്മെന്റിൽ സ്ഥലം മാറ്റം നൽകി നിയമിച്ചിട്ടുള്ളത്, ഇവർ എത്രവർഷമായി വർക്കിംഗ് അറേഞ്ചുമെന്റിൽ തുടരുന്നു ; വിശദാംശം നൽകുമോ ;

(സി) വർക്കിംഗ് അറേഞ്ചുമെന്റ് റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ നിവേദനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) ഇവിടെ എക്സ്റേ ടെക്നീഷ്യനെ നിയമിക്കുന്ന കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) 55 അദ്ധ്യാപക തസ്തികകളും 47 അനദ്ധ്യാപക തസ്തികകളും നിലവിലുണ്ട്.

(ബി) 13 അദ്ധ്യാപക തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു. 5 അദ്ധ്യാപകരെ ജോലി ക്രമീകരണ വ്യവസ്ഥയിൽ മാറ്റി നിയമിച്ചിട്ടുണ്ട്. ഡോ. ആനി യോഹന്നാൻ, ഡോ. രഞ്ജുമോൾ വി. എസ്., ഡോ. അനില എം. എന്നിവർ ഒരു വർഷത്തോളവും ഡോ. ശ്രീജാ സുകേശൻ ഒന്നര വർഷത്തോളവും ഡോ. ശോഭന സി. രണ്ടര വർഷത്തോളവുമായി ജോലി ക്രമീകരണ വ്യവസ്ഥയിൽ തുടരുന്നു.

(സി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

(ഡി) 20-11-2004-ലെ ജി.ഒ.(ആർ‌ടി.) നമ്പർ 3754/2014/ആ.കു.വ. പ്രകാരം തൃപ്പുണിത്തുറ ആയുർവ്വേദ കോളേജിൽനിന്നും കണ്ണൂർ ആയുർവ്വേദ കോളേജിലേക്ക് ശ്രീ. മുരളീദാസൻ കെ. പി.-യെ വർക്കിംഗ് അറേഞ്ച്മെന്റിൽ റേഡിയോഗ്രാഫറായി നിയമിച്ചിട്ടുണ്ട്.

കൊല്ലം ജില്ലയിൽ മെഡിക്കൽ കോളേജ്

113 (820) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ മെഡിക്കൽ കോളേജ് ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; പ്രസ്തുത ആവശ്യത്തിലേക്ക് ഭൂമിയുടെ അപര്യാപ്തതയാണോ തടസ്സമായി നിൽക്കുന്നതെന്നു വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly